**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 32** **07.08.2017 ൽ മറുപടിയ്ക്ക്**

**കമ്പ്യൂട്ടറൈസ്ഡ് പരാതി പരിഹാര സേവനങ്ങൾ**

| | ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ പരാതികൾ സമർപ്പിക്കുന്ന പൊതുജനങ്ങൾക്ക് IDEAS എന്ന സോഫ്റ്റ് വെയർ വഴി അവരുടെ പരാതികൾ സംബന്ധിച്ച വിവരം ലഭ്യമാക്കിയിരുന്നത് ഇപ്പോൾ ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; | (എ) യും (ബി) യും (സി) യും | ഫയൽ ട്രാക്കിംഗായി മാത്രം ഉപയോഗിച്ചിരുന്ന IDEAS സോഫ്റ്റ് വെയറിന്റെ സേവനം 01.04.2017 മുതൽ നിർത്തലാക്കുകയുണ്ടായി. എന്നാൽ, ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വകുപ്പുകളിലെ ഫയൽനീക്കം സംബന്ധിച്ച വിവരം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനായി സിറ്റിസൺ ഇന്റർഫേസ് ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. http://eoffice.kerala.gov.in എന്ന URL മുഖാന്തിരം പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഐ.ഡി യും പാസ് വേർഡും ഇല്ലാതെ തന്നെ എവിടെ നിന്നു വേണമെങ്കിലും ഇന്റർനെറ്റിലൂടെ ഫയൽ നീക്കം സംബന്ധിച്ച വിവരം ലഭ്യമാകുന്നതാണ് . |
| (ബി) | ഇ-ഓഫീസ് സംവിധാനം നടപ്പിലായ വകുപ്പുകളിൽ ഇത്തരത്തിൽ പൊതുജനങ്ങൾക്ക് പരാതിയുടെ വിവരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ: | | |
| (സി) | പൊതുജനങ്ങൾക്ക് ഫയൽനമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇ-ഓഫീസ് സൈറ്റിൽ നിന്നും ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | IDEAS ൽ നിന്നും ഇ-ഓഫീസ് സിസ്റ്റത്തിലേക്ക് മാറിയത് പൂർണ്ണമായിട്ടുണ്ടോ; | (ഡി) | സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകളും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറിയിട്ടുണ്ട്. |
| (ഇ) | സെക്രട്ടേറിയറ്റിലെ വിവിധ ഓഫീസ് സെക്ഷനുകളിൽ ലഭിക്കുന്ന തപാലുകൾ ഉടൻ സെക്ഷനുകളിൽ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; നിയമസഭാസാമാജികരുടെ കത്തുകൾ ഉൾപ്പെടെയുള്ള തപാലുകൾ രണ്ടും മൂന്നും ദിവസം കഴിഞ്ഞു മാത്രമാണ് തപാൽ നമ്പരിടുന്നത് എന്നുള്ള കാര്യം പരിശോധിക്കുമോ; | (ഇ) യും (എഫ്) ഉം | സെക്രട്ടേറിയറ്റിലെ വിവിധ ഓഫീസ് സെക്ഷനുകളിൽ ലഭിക്കുന്ന എല്ലാ തപാലുകളും അതേ ദിവസം തന്നെ സ്കാൻ ചെയ്ത് ഇലക്ട്രോണിക് തപാലുകളാക്കി സെക്ഷനുകളിൽ എത്തിക്കുവാനുള്ള ഭൗതീക സാഹചര്യങ്ങൾ ഇതിനോടകം തന്നെ ഒരുക്കിയിട്ടുണ്ട്. നിയമസഭാസാമാജികരുടെ കത്തുകൾ ഉൾപ്പെടെയുള്ള തപാലുകൾ ഇലക്ട്രോണിക് തപാലുകളാക്കി സെക്ഷനുകളിൽ എത്തിക്കുന്നതിൽ കാല താമസം ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | നിയമസഭാസാമാജികരുടെ കവറിങ് ലെറ്റർ ഉൾപ്പെടെയുള്ള തപാലുകൾ അടിയന്തരമായി തപാൽ നമ്പരിടുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**